നീതി തേടി വിളിച്ചു.. പക്ഷേ പിതാവും കൈവിട്ടു

■കർദ്ദിനാളുമായുള്ള കന്യാസ്ത്രീയുടെ ഫോൺ സംഭാഷണം പുറത്ത്

കൊച്ചി: "ഞങ്ങളെകൈവിടില്ലല്ലോ...? ഒന്നുമില്ലെങ്കിലും ഞങ്ങൾ സീറോ മലബാർ അല്ലേ പിതാവേ... ഞങ്ങൾ തിരിച്ചുവരാൻ തയ്യാറാണ്..." കന്യസ്ത്രീ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയോട് തന്റെ വിഷമാവസ്ഥ പറയുന്ന ഫോൺ സംഭാഷണമാണിത്. ജലന്ധർ ബിഷപ്പ് പീഡിപ്പിച്ചെന്ന പരാതിയുമായി രംഗത്തെത്തിയ കന്യാസ്ത്രീ സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയോട് ഫോണിലൂടെ സംസാരിക്കുന്ന ശബ്ദരേഖയാണ് കഴിഞ്ഞ ദിവസം പുറത്ത് വന്നത്. കന്യാസ്ത്രീ നൽകിയ പരാതിയിൽ ലൈംഗികാരോപണം ഉന്നയിച്ചിട്ടില്ലെന്ന് കർദ്ദിനാൾ വ്യക്തമാക്കിയതിന് തൊട്ടുപിന്നാലെയാണ് ശബ്ദരേഖ മാദ്ധ്യമങ്ങളിലൂടെ പുറത്തുവന്നത്.

കേസിന് പോകാൻ വീട്ടിൽനിന്ന് സമ്മർദ്ദമുണ്ടെന്ന കാര്യവും പരാതിക്കാരിയായ കന്യാസ്ത്രീ കർദ്ദിനാളിനെ ഫോണിലൂടെ അറിയിക്കുന്നുണ്ട്. വീട്ടുകാർ കേസിന് പോണെങ്കിൽ പൊയ്ക്കോട്ടേയെന്നും മറ്റുള്ളവർതെറ്റ്ചെയ്തിട്ടുണ്ടേൽ അവർ പഠിക്കട്ടേയെന്നും ആശ്വസിപ്പിക്കുന്ന കർദ്ദിനാൾ തെറ്റ് തെളിയിക്കാൻ മാർഗ്ഗമുണ്ടോയെന്നും തിരക്കുകയും ചെയ്യുന്നുണ്ട്.

ഇതിന് മറുപടിയായി കേസ് തെളിയിക്കാനുള്ള മാർഗ്ഗം തന്റെ പക്കലുണ്ടെന്നാണ് കന്യാസ്ത്രീയുടെ മറുപടി. കേസ് കൊടുത്തത് എവിടെയാണെന്നും കർദ്ദിനാൾ തിരക്കുന്നുണ്ട്. നാട്ടിലെ പോലീസ് സ്റ്റേഷനിലാണെന്ന് കന്യാസ്ത്രീ മറുപടി നൽകിയപ്പോൾ ഇക്കാര്യം അഭിഭാഷകനോടും സ്വന്തം ആങ്ങളയോടും ആലോചിച്ച് ചെയ്യാനും നിർദ്ദേശിക്കുന്നു. ഇതെല്ലാം കർദ്ദിനാൾ പറഞ്ഞിട്ട് ചെയ്യുകയാണെന്ന് പൊലീസിനോട് പറയരുതെന്നും സ്വന്തം നിലയ്ക്ക് തന്നെ കേസ് കൊടുക്കണമെന്നും കന്യാസ്ത്രീയെ കർദ്ദിനാൾ പ്രത്യേകം ഓർമ്മിപ്പിക്കുന്നുമുണ്ട്. പൊലീസ് ചോദിച്ചാൽ താനൊന്നും പറഞ്ഞിട്ടില്ലെന്ന് പറയുമെന്നും കർദ്ദിനാൾ വ്യക്തമാക്കുന്നുണ്ട്.

വിഷയം അപ്പസ്തോലിക് നൺഷ്യേയുടെയോ സി. സി. ബി. ഐ പ്രസിഡന്റ് ഓസ്വാർഡ്ഗ്രേഷ്യസിന്റെയോ ശ്രദ്ധയിൽപ്പെടുത്താനും കർദ്ദിനാൾ ഉപദേശിക്കുന്നുണ്ട്. എന്നാൽ, ഇതിനായി പരാതിക്കാരിക്ക് അപ്പോയിൻമെന്റ് എടുത്തുനൽകാനൊന്നും പിതാവ് തയ്യാറായില്ല. അതിന് തുനിഞ്ഞാൽ താനിക്കാര്യമൊക്കെ അറിഞ്ഞെന്ന വിവരം മറ്റുള്ളവർ കൂടി അറിയില്ലേയെന്നും ആലഞ്ചേരി പിതാവ് ചോദിക്കുന്നു. ഉടുപ്പിട്ട് കൊണ്ട് തന്നെ കേസ് കൊടുത്തുടെ എന്ന ആവലാതിക്കാരിയുടെ സംശയത്തിന് മറുപടിയായി അങ്ങനെ ചെയ്യാമെന്നും കർദ്ദിനാൾ നിർദ്ദേശിക്കുന്നു. നിങ്ങൾ പീഡനത്തിനിരയായെങ്കിൽ അത് ശരിയല്ലെന്നും നിങ്ങളും മറ്റുള്ളവരും സാധാരണ വരുന്ന പോലെ ഉടുപ്പിട്ട് തന്നെ തിരിച്ചുവരണമെന്നും. എന്നിട്ട് സ്വന്തം നിലയിൽ നാട്ടിലെവിടെയെങ്കിലും താമസിക്കണമെന്നും കർദ്ദിനാൾ ഉപദേശിക്കുന്നു. ജൂലൈയിൽ പിതാവിന് ഈ വിഷയത്തിൽ ഒരു കത്ത് തന്നിരുന്നതായി ഓർമ്മിപ്പിക്കുമ്പോൾ ലെറ്ററൊക്കെ താൻ ഇവിടെ സൂക്ഷിച്ചിട്ടുണ്ടെന്നാണ് കർദ്ദിനാളിന്റെ മറുപടി. ഇതോടെയാണ് ഫോൺ സംഭാഷണം അവസാനിപ്പിക്കുന്നത്.

പ്രചരണം തെറ്റിദ്ധാരണാജനകമെന്ന് സീറോ മലബാർ സഭ

അതേസമയം, ജലന്ധർ ബിഷപ്പുമായി ബന്ധപ്പെട്ടയർന്ന പീഡന ആരോപണത്തെക്കുറിച്ച് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിക്ക് നേരത്തെ അറിവുണ്ടായിരുന്നു എന്ന തരത്തിൽ ചിലർ ഒരു ഫോൺ സംഭാഷണം പ്രചരിപ്പിക്കുന്നത് തെറ്റിദ്ധാരണാജനകമാണെന്ന് സീറോ മലബാർ സഭാ കാര്യാലയത്തിന്റെ വിശദീകരണം.

പ്രചരിപ്പിക്കപ്പെടുന്ന ഫോൺ സംഭാഷണത്തെക്കുറിച്ച് നേരത്തെ തന്നെ പോലീസിനോട് വിശദീകരിച്ചതായും സഭ വിശദീകരിക്കുന്നു.

സന്യാസിനിസമൂഹത്തിൽ തനിക്ക് നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ് കന്യാസ്ത്രീ ഫോൺ സംഭാഷണത്തിലൂടെ കർദ്ദിനാളിനെ അറിയിച്ചത്.

സന്യാസിനി സമൂഹത്തിന്റെകാര്യത്തിൽതനിക്ക്അധികാരമില്ലെന്നതിനാൽവിഷയം അപ്പസ്തോലിക് നൺഷ്യോയുടെയോ സി. സി. ബി. ഐ പ്രസിഡന്റിന്റേയോ ശ്രദ്ധയിൽപ്പെടുത്താൻഉപദേശിക്കുകയാണ് അദ്ദേഹം ചെയ്തത്.

തനിക്ക് ലൈംഗിക പീഡനം നേരിടേണ്ടിവന്നുവെന്ന് കന്യാസ്ത്രീസംഭാഷണത്തിലെവിടെയും പറയുന്നില്ലെന്നും ഇവർ പറയുന്നു.

ഇക്കാര്യങ്ങളെല്ലാം പൊലീസിനോടും പത്രക്കുറിപ്പിലൂടെയും നേരത്തെ വ്യക്തമാക്കിയതാണ്.

വിശ്വാസികളെയും പൊതുസമൂഹത്തെയും തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രചാരണം നടത്തി സഭയേയും സഭാ നേതൃത്വത്തെയും അവഹേളിക്കാനുള്ള ചിലരുടെ ശ്രമങ്ങൾ അപലനീയമാണെന്നും സഭാ വൃത്തങ്ങൾവിഷയത്തോട്പ്രതികരിച്ചു.

മുങ്ങിമരിച്ച യുവതിയും സഭയ്ക്കെതിരെ പൊങ്ങിവരുന്നു

കുമ്പസാര രഹസ്യം പുറത്തുപറയുമെന്ന് ഭീഷണിപ്പെടുത്തിയതിനെത്തുടർന്ന് മൂന്നു വർഷം മുമ്പ് ആത്മഹത്യചെയ്ത ലില്ലിയുടെ കേസ് വീണ്ടും അന്വേഷണത്തിലേക്ക്

കോട്ടയം: കുമ്പസാര രഹസ്യം പുറത്തു പറയുമെന്ന് ഭീഷണിപ്പെടുത്തിയതിനെ തുടർന്ന് മൂന്നുവർഷം മുമ്പ് യുവതി ആത്മഹത്യചെയ്ത സംഭവം ചാരംനീക്കി പുറത്തുവരുന്നു. അയിരൂർസ്വദേശിയായ യുവതിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ഓർത്തഡോക്സ് സഭ നിലയ്ക്കൽ ഭദ്രാസനത്തിലെ വൈദികനെതിരെ ബന്ധുക്കൾ വീണ്ടും രംഗത്ത് എത്തിയതോടെയാണ് 'മുങ്ങിമരണം' അന്വേഷിക്കാൻ പൊലീസ് തയാറാവുന്നത്.

അഞ്ച് വൈദികർ വീട്ടമ്മയായ യുവതിയെ പീഡിപ്പിച്ചസംഭവം പുറത്തായതിനെ തുടർന്നാണ്ഇത്രയുംനാൾസഭയുടെഇംഗിതത്തിനുവഴങ്ങി പൊലീസ് പൂഴ്ത്തിവച്ച ഫയൽപൊടിതട്ടിപുറത്തെടുക്കാൻപൊലീസ്ഒരുങ്ങുന്നത്.

2015ഒക്ടോബർ21ന് അയിരൂരിനടുത്ത് പമ്പയാറ്റിൽമുങ്ങിമരിച്ചനിലയിൽകണ്ടെത്തിയയുവതിയുടെകുടുംബമാണ്വീണ്ടുംആക്ഷേപവുമായിരംഗത്ത്എത്തിയത്. സംഭവമുണ്ടായപ്പോൾഅന്വേഷണംആവശ്യപ്പെട്ട്അന്നത്തെ എസ്. പിയെരണ്ടുതവണകണ്ടിട്ടും നടപടിയുണ്ടായില്ലെന്ന് ബന്ധുക്കൾ പറയുന്നു.

യുവതിയുടെ കുമ്പസാര രഹസ്യം പുറത്തുവിടുമെന്ന് വൈദികൻ പലതവണ ഭീഷണിപ്പെടുത്തിയിരുന്നുവെന്നും എന്റെ മരണത്തിന്കാരണംഅച്ചനാണെന്നുംഇയാളെവെറുതേവിടരുതെന്നും ആത്മഹത്യാക്കുറിപ്പിൽ യുവതി വ്യക്തമാക്കിയിരുന്നു.

ആത്മഹത്യക്കുറിപ്പ്സഹിതമാണ് അന്ന്ബന്ധുക്കൾപൊലീസിൽപരാതിപ്പെട്ടത്. എന്നാൽമരണത്തിൽദുരൂഹതയില്ലെന്ന്ചൂണ്ടിക്കാട്ടികേസ്ഫയൽമടക്കുകയായിരുന്നുപൊലീസ്. സത്യാവസ്ഥഅറിയാൻപുന:രന്വേഷണം വേണമെന്നാണ് ബന്ധുക്കളുടെ ഇപ്പോഴത്തെ ആവശ്യം.

കുമ്പസാരിച്ചപ്പോൾപറഞ്ഞകാര്യങ്ങൾവികാരിമറ്റൊരുസ്ത്രീയോട് പറഞ്ഞുവെന്നും പള്ളികമ്മിറ്റിയിൽഈസ്ത്രീപരസ്യമായിയുവതിയെ ആക്ഷേപിച്ചുവെന്നും പറയുന്നു.

കൂടാതെ സ്ത്രീകളുടെ കുമ്പസാര രഹസ്യം പുറത്തുവിട്ടാൽ പലകുടുംബങ്ങളും തകരുമെന്ന് വൈദികൻ പലതവണ പള്ളിയിൽപ്രസംഗിച്ചിരുന്നു. മാനസികമായിതളർന്നയുവതിഇതേതുടർന്ന് ആത്മഹത്യ ചെയ്യുകയായിരുന്നുവത്രേ.

കുമ്പസാരിപ്പിച്ചവൈദികന്റെയും അപമാനിച്ചസ്ത്രീയുടെയും പേരുകൾ ആത്മഹത്യാക്കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആത്മഹത്യാക്കുറിപ്പ്കണ്ടെത്തിയതിനെതുടർന്ന് ഇടവകാംഗമായ എബ്രഹാം ജോർജാണ് ഇതുസംബന്ധിച്ച്സാഭനേതൃത്വത്തിന് ആദ്യം പരാതി നല്കിയത്. എന്നാൽ സഭാനേതൃത്വം ഈ സംഭവം നിസാരവത്ക്കരിക്കുകയായിരുന്നുവത്രേ. തുടർന്ന് കോയിപ്രം പൊലീസിൽ പരാതി നല്കിയിരുന്നു. മരണക്കുറിപ്പ്തന്റെ കൈവശമുണ്ടെന്നും എബ്രഹാം അവകാശപ്പെടുന്നു.

കോയിപ്രംപൊലീസ്അന്വേഷണംആരംഭിച്ചിരുന്നുവെങ്കിലും സഭാനേതൃത്വത്തിന്റെ ഇടപെടലിനെതുടർന്ന്അന്വേഷണംപാതിവഴിയിൽ നിർത്തുകയായിരുന്നു. സഭാനേതൃത്വത്തിന് പരാതി നല്കിയതിനെ തുടർന്ന് പത്തു വർഷത്തേക്ക്തന്നെ ഇടവകചുമതലകളിൽ നിന്ന് വിലക്കിയെന്നും എബ്രാഹം പറഞ്ഞു.

വർക്കല ആയുർവേദ ആശുപത്രി മാതൃകാ ആശുപത്രിയാക്കും

വർക്കല: വർക്കല ഗവ. ജില്ലാ ആയുർവേദ ആശുപത്രി മറ്റുജില്ലകൾക്ക്മാതൃകയായിവികസിപ്പിക്കുമെന്ന്ജില്ലാപഞ്ചായത്ത്പ്രസിഡന്റ് വി.കെ മധു പറഞ്ഞു. സ്നേഹധാരാ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ഫിസിയോതെറാപ്പി യൂണിറ്റ് ഉദ്ഘാടനം ചെയ്ത്സംസാരിക്കുകയായിരുന്നുഅദ്ദേഹം. നേതൃവിഭാഗത്തിന്അനുവദിച്ചപരിശോധനഉപകരണങ്ങളുടെ ഉദ്ഘാടനം വി. ജോയി എം. എൽ. എയും ഔഷധച്ചെടികൾ നട്ടുവളർത്തുന്ന പദ്ധതിയുടെ ഉദ്ഘാടനം നഗരസഭ ചെയർപേഴ്സൺ ബിന്ദുഹരിദാസും നിർവഹിച്ചു. ജില്ലാപഞ്ചായത്ത്വൈസ്പ്രസിഡന്റ് ഷൈലജാബീഗം അദ്ധ്യക്ഷത വഹിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ബി. പി. മുരളി, ജില്ലാപഞ്ചായത്തംഗം എസ്. കൃഷ്ണൻകുട്ടി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. കെ. യൂസഫ്, അഡ്വ. എസ്. ഷാജഹാൻ, മെഡിക്കൽ ഓഫീസർ ഡോ. കെ. വി. ബൈജു എന്നിവർ സംസാരിച്ചു. ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി. രഞ്ജിത്ത് സ്വാഗതവും സെക്രട്ടറി സുഭാഷ്നന്ദിയും പറഞ്ഞു.

ആറ്റിങ്ങലിൽ വീട്ടമ്മയെയും രണ്ട് മക്കളെയും കാണാനില്ലെന്ന് പരാതി

ആറ്റിങ്ങൽ: വീട്ടമ്മയെയും രണ്ട്മക്കളെയുംകാണാനില്ലെന്ന് പരാതി. ആറ്റിങ്ങൽ അവനവഞ്ചേരിപോയിന്റ്മുക്ക്നന്ദനംവീട്ടിൽസംഗീത (36), പതിനഞ്ചും എട്ടും വയസുമുള്ള കുട്ടികൾ എന്നിവരെയാണ് ഇന്നലെവൈകിട്ട്മുതൽകാണാനില്ലെന്ന് സംഗീതയുടെ അച്ഛൻ സുഗതൻ ആറ്റിങ്ങൽ പൊലീസിൽ പരാതിനൽകിയത്.

സംഗീതയുടെ ഭർത്താവ് വിദേശത്താണ്. സംഗീതയും കുട്ടികളും വീട്ടിൽ ഒറ്റയ്ക്കാണ് താമസം.

ഇന്നലെ വൈകിട്ട് ബന്ധുക്കൾ സംഗീതയെ തിരക്കിഎത്തിയപ്പോഴാണ് വീട് പൂട്ടിയ നിലയിൽ കണ്ടെത്തിയത്. ഇതിനെത്തുടർന്ന് സമീപത്തൊക്കെ അന്വേഷിച്ചെങ്കിലും ഇവരെ കണ്ടെത്താൻ കഴിയാത്തിനെത്തുടർന്നാണ്സുഗതൻ പൊലീസിൽ പരാതി നൽകിയത്. പൊലീസ് കേസെടുത്ത് അന്വേഷണംആരംഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

കാരുണ്യ പ്ലസ് KN222 നറുക്കെടുപ്പ് ഫലം 19.07.2018
സ്ഥലം: ശ്രീചിത്രാ ഹോം ഓഡിറ്റോറിയം, പഴവങ്ങാടി, കിഴക്കേക്കോട്ട, തിരുവനന്തപുരം

ഒന്നാം സമ്മാനം 80 ലക്ഷം രൂപ PL 775855 (ആലപ്പുഴ)

സമാശ്വാസ സമ്മാനം 8000 രൂപ
PA 775855 PB 775855 PC 775855 PD 775855 PE 775855
PG 775855 PH 775855 PJ 775855 PK 775855

2-ാം സമ്മാനം 10 ലക്ഷം രൂപ PB 700575 (തൃശ്ശൂർ)

3-ാം സമ്മാനം 1 ലക്ഷം രൂപ

PA 471929 (കൊല്ലം)	PB 169470 (വയനാട്)	PC 572538 (ആലപ്പുഴ)	PD 494519 (തിരുവനന്തപുരം)	PE 451305 (എറണാകുളം)
PG 194159 (തൃശ്ശൂർ)	PH 283120 (കണ്ണൂർ)	PJ 817475 (പാലക്കാട്)	PK 268862 (പാലക്കാട്)	PL 638252 (കണ്ണൂർ)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

	1344	1504	1756	2434	2895	3233	3808		
	4061	5449	5609	6521	6531	9260	9677		

5-ാം സമ്മാനം 2000 രൂപ

0866	1349	2137	2838	5048	7735	9363	9974		

6-ാം സമ്മാനം 1000 രൂപ

0513	0577	0800	2221	2246	2602	3655	3657	3789	3821
4033	4240	4469	4492	4672	4801	4891	4935	4954	4967
5069	5493	5848	6170	7149	7165	7451	7826	7882	8188
8882	8900	8974	9146	9293	9385	9390	9625	9723	9778

7-ാം സമ്മാനം 500 രൂപ

0533	0925	1101	1108	1205	1234	1285	1421	1448	1455
1456	1469	1676	1711	2191	2250	2551	2955	3086	3113
3293	3428	3473	3812	3819	4215	4411	4426	4675	4784
4850	4895	5003	5111	5587	5720	5775	5822	5989	6358
6366	6467	6544	6940	6984	7054	7057	7327	7354	7456
7487	7579	7632	7668	7696	7858	7972	8043	8067	8248
8548	8560	8738	9025	9136	9162	9313	9405	9538	9679
9692	9708								

8-ാം സമ്മാനം 100 രൂപ

0060	0162	0269	0653	0710	0729	0750	0790	0814	1034
1063	1184	1263	1346	1433	1537	1581	1646	1738	1825
1869	1870	1998	2068	2134	2227	2290	2529	2543	2641
2650	2686	2837	3170	3277	3402	3574	3596	3712	3810
3906	3932	4010	4052	4078	4137	4214	4225	4579	4593
4680	4861	4915	4976	5015	5087	5136	5142	5193	5221
5306	5349	5354	5381	5424	5737	5740	5743	5766	5933
6041	6062	6080	6428	6445	6456	6458	6672	6751	6791
6915	6943	7143	7164	7205	7207	7340	7405	7516	7520
7534	7543	7624	7720	7820	7874	7995	8478	8549	8603
8664	8750	8902	8935	9117	9211	9257	9409	9442	9507
9607	9753								

(ഫ്രീ) റ്റി.എ. പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഫ്രീസ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ തെറ്റുണ്ടോ എന്ന് 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അടുത്ത കാരുണ്യ പ്ലസ് 223 നറുക്കെടുപ്പ് 26.07.2018
ശ്രീ ചിത്രാ ഹോം ഓഡിറ്റോറിയം, പഴവങ്ങാടി, കിഴക്കേക്കോട്ട, തിരുവനന്തപുരം